
## കത്തുകൾ




# നരേന്ദ്രൻ കമീഷൻ റിപ്പോർട്ടിന് എന്തു സംഭവിക്കുന്നു?

**മുസ്‌ലിംകളടക്കമുള്ള** ന്യൂനപക്ഷ വിഭാഗങ്ങളുടെ പ്രതീക്ഷക്കൊത്ത് ഇടതു സർക്കാർ ഉയരുന്നില്ല എന്ന ആരോപണം ഉന്നയിക്കപ്പെടുന്നുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഉമ്മൻ ചാണ്ടി നേതൃത്വം നൽകിയതും 'അതിവേഗം ബഹുദൂരം' പുറകോട്ടോടിയതുമായ ഒരു സർക്കാറിനെ മാറ്റം ആഗ്രഹിക്കുന്ന ജനവിഭാഗങ്ങൾ അധികാരത്തിന് പുറത്തുനിർത്തിയതും, ഇടതുപക്ഷത്തിനോടൊപ്പം നിന്നതും ഏറെ പ്രതീക്ഷകളോടെയാണ്. കേവലം ഇടതുപക്ഷ സർക്കാരല്ല; വി.എസ് നേതൃത്വം നൽകുന്ന സർക്കാർ തന്നെ വേണമെന്ന് കേരളത്തിലെ വോട്ടർമാർ ശഠിച്ചതിന്റെ സാംഗത്യം, വാർത്തകൾ വായിക്കുമ്പോൾ കൂടുതൽ ബോധ്യമാകുന്നുണ്ട്. ആവേശത്താലോ യാഥാർഥ്യബോധത്താലോ ഇടതുമുന്നണി പുറത്തിറക്കിയ തെരഞ്ഞെടുപ്പ് പ്രകടനപത്രികയും പ്രതിഷേധ കൊടുങ്കാറ്റായി വി.എസ് ഉയർത്തിവിട്ട വിഷയങ്ങളും 'നോക്കുകുത്തി'കളായിത്തീരുകയാണ്. വിദ്യാഭ്യാസം, സാമൂഹികനീതി തുടങ്ങിയ വിഷയങ്ങളിൽ ഇടതുപക്ഷ നേതാക്കൾ പുലർത്തുന്ന സമീപനങ്ങൾ ഏറെ ആശങ്കയോടെയാണ് ന്യൂനപക്ഷ വിഭാഗങ്ങൾ നോക്കിക്കാണുന്നത്.

അധികാരത്തിന്റെ അലങ്കാരത്തിൽ ഇടതുപക്ഷ സർക്കാർ ഇതിനകം പലതും മറന്നുകളഞ്ഞതായി പരക്കെ ആക്ഷേപമുണ്ട്. തങ്ങളുടെ കാഴ്ചപ്പാടനുസരിച്ച സ്ഥിതിസമത്വ ലോകം മാത്രമേ പുലരുകയുള്ളൂവെന്നും 'ഉള്ളവനും ഇല്ലാത്തവനും' എന്ന വർഗവിഭജനം മാത്രമേ പാർട്ടിക്ക് മനസ്സിലാകൂവെന്നുമാണ് അവരുടെ വാദം. എന്നാൽ പ്രവൃത്തിയിലാകട്ടെ, വഴവിട്ട് പണം സമ്പാദിക്കുന്നവരൊക്കെയും പാർട്ടിയുടെ ഉറ്റമിത്രങ്ങളാവുകയും 'ഇല്ലാത്തവർ' ശത്രുവാക്കപ്പെടുകയും ചെയ്യുന്നു. ന്യൂനപക്ഷ അവകാശങ്ങളോട് പുറംതിരിഞ്ഞ് നിന്നുകൊണ്ട് 'വേട്ടക്കാരും ഇരകളും' ഒരുപോലെ പരിഗണിക്കപ്പെടണമെന്ന ന്യായമാണ് ഇടതുപക്ഷം ഉന്നയിച്ചുകൊണ്ടിരിക്കുന്നത്.

അധികാരത്തിലെത്തുന്നതിനു വേണ്ടി ഇടതുമുന്നണി പുറത്തിറക്കിയ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ, പക്ഷേ ന്യൂനപക്ഷ വിഭാഗങ്ങളോട് ഏറെ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. പത്രികയിൽ ഭാഗം 3-ൽ 'യു.ഡി.എഫ് ദുർഭരണത്തിനെതിരെ' എന്ന അധ്യായത്തിൽ നാം വായിക്കുന്നു. ''കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത്, പിന്നാക്ക സമുദായങ്ങളുടെ വോട്ട് തേടുന്നതിന്, നരേന്ദ്രൻ കമീഷൻ റിപ്പോർട്ട് യു.ഡി.എഫ് പ്രചാരണ ആയുധമാക്കി. സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ പിന്നാക്ക സമുദായങ്ങൾക്ക് നഷ്ടപ്പെട്ട ഉദ്യോഗങ്ങളിലെ ഒഴിവ് നികത്തുമെന്നായിരുന്നു യു.ഡിഎഫ് തെരഞ്ഞെടുപ്പ് വാഗ്ദാനം. അഞ്ചു വർഷം ഭരിച്ചിട്ടും ഒരു നടപടിയും സ്വീകരിച്ചില്ല. എന്നിട്ടിപ്പോൾ ഭാവി നിയമനങ്ങൾ സംബന്ധിച്ച സമവായം ഉണ്ടാക്കിയെന്നു പറഞ്ഞ് തടിതപ്പിയിരിക്കുകയാണ്. ഇതുവഴി സാമുദായിക സൗഹാർദം ഉറപ്പുവരുത്തിയിരിക്കുന്നു എന്ന നാട്യത്തിലാണ് യു.ഡി.എഫ്. ഫലത്തിൽ ഈ സമവായം കൊണ്ട് ഒരു നേട്ടവും പിന്നാക്ക സമുദായങ്ങൾക്ക് ഉണ്ടായിട്ടില്ല. അതേസമയം നിയമനനിരോധം, പൊതുമേഖലയുടെ തകർച്ച തുടങ്ങിയവ മൂലം പതിനായിരക്കണക്കിന് ഉദ്യോഗങ്ങളാണ് പിന്നാക്ക സമുദായങ്ങൾക്ക് നഷ്ടപ്പെട്ടത്.'' സംവരണനയം എന്ന തലക്കെട്ടിൽ വീണ്ടും പ്രഖ്യാപിക്കുന്നു: "പിന്നാക്ക സമുദായങ്ങൾക്ക് നിലവിലുള്ള സംവരണ ഉദ്യോഗത്തിൽ നരേന്ദ്രൻ കമീഷൻ കണ്ടെത്തിയ കുറവ് കൃത്യമായി വിലയിരുത്തുകയും നിലവിലുള്ള ജീവനക്കാരുടെ പ്രൊമോഷൻ സാധ്യതകൾക്ക് തടസ്സം വരുത്താതെ ഈ കുറവ് നികത്തുന്നതിനുള്ള നടപടികൾ എൽ.ഡി.എഫ് സ്വീകരിക്കുന്നതുമാണ്." ഇതിനർഥം തെരഞ്ഞെടുപ്പു കാലത്ത് ഇടതുപക്ഷം പിന്നാക്ക സമുദായങ്ങൾ ദുർബലരാണ് എന്ന യാഥാർഥ്യം അംഗീകരിച്ചിരുന്നുവെന്നാണ് നരേന്ദ്രൻ കമീഷൻ ശിപാർശ ചെയ്ത സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പിലാക്കുമെന്ന് ഇടതുമുന്നണി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രഖ്യാപനങ്ങൾ തന്നെയാണ് മുസ്‌ലിംകളടക്കമുള്ള ന്യൂനപക്ഷങ്ങളെ ഇടതുമുന്നണിയെ പിന്തുണക്കുന്നതിന് പ്രേരിപ്പിച്ചത്. ഇക്കാര്യത്തിൽ വല്ലതും ചെയ്തുവോയെന്ന് പരിശോധിക്കാൻ ഇടതു സർക്കാറിന് ബാധ്യതയുണ്ട്.

നരേന്ദ്രൻ കമീഷൻ റിപ്പോർട്ടും ഇടതുമുന്നണിയും തമ്മിലുള്ള ബന്ധം അവഗണിക്കാനാവാത്ത വിധം ശക്തമാണ്. 2000 ഫെബ്രുവരി 11-ന് നായനാർ സർക്കാർ തന്നെയാണ് പിന്നാക്ക വിഭാഗങ്ങളുടെ സർവീസ് പ്രാതിനിധ്യത്തെക്കുറിച്ച് പഠിക്കാൻ ജ. നരേന്ദ്രൻ ചെയർമാനായ മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചത്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് മുസ്‌ലിം ലീഗ് എം.എൽ.എ കുട്ടി അഹ്മദ് കുട്ടി, 2003 ഫെബ്രുവരി 14-ന് കേരള നിയമസഭയിൽ പ്രമേയം അവതരിപ്പിക്കുകയും കെ.കെ ജയചന്ദ്രൻ (സി.പി.ഐ.എം) കെ.പി രാജേന്ദ്രൻ (സി.പി.ഐ) എന്നിവരടക്കം എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികൾ ആവേശത്തോടെ പ്രസംഗിക്കുകയും ചെയ്തിട്ടുള്ളതാണ്. 2001-ൽ എൽ.ഡി.എഫ് പുറത്തിറക്കിയ പ്രകടനപത്രികയാകട്ടെ പട്ടികജാതിക്കാർക്കും പട്ടിക വർഗക്കാർക്കും, വിദ്യാഭ്യാസപരമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന ജന വിഭാഗങ്ങൾക്കും സർക്കാർ ഉദ്യോഗങ്ങളിൽ ഇന്നുള്ള തോതിൽ സംവരണം തുടരണമെന്ന നയത്തിൽ ഉറച്ചുനിൽക്കുന്നതായി വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ, ഇനിയും പുലർത്തുന്ന അലംഭാവം ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നുറപ്പാണ്.

**ഫൈസൽ കൊച്ചി**

# ജനം പ്രതീക്ഷിക്കുന്നത് പക്വതയും വിവേകവും

അബ്ദുന്നാസിർ മഅ്ദനിയെക്കുറിച്ചുള്ള മുഖക്കുറിപ്പ് ശ്രദ്ധേയമായി (ലക്കം 10). ഒമ്പതര വർഷം നീണ്ട കൊടിയ പീഡനങ്ങൾക്കുശേഷം അദ്ദേഹം ജയിൽമോചിതനായ വാർത്ത ആഹ്ലാദത്തോടെയാണ് കേരളം വരവേറ്റത്. ഇതിനിടയിലും ചില അപശബ്ദങ്ങൾ ഉണ്ടായിരുന്നു എന്നത് വിസ്മരിക്കുന്നില്ല. ജയിൽജീവിതം മഅ്ദനിയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കിയെന്ന് സ്വീകരണയോഗത്തിൽ അദ്ദേഹം നടത്തിയ പ്രസംഗം സൂചിപ്പിക്കുന്നു. ജയിലിലെ അനുഭവങ്ങളും ഇസ്‌ലാമിക ഗ്രന്ഥങ്ങളുടെ കൂടുതൽ ആഴത്തിലുള്ള പഠനവും തന്നെ അടിമുടി മാറ്റിയതായി മഅ്ദനി പ്രസ്താവിക്കുകയുണ്ടായി. കൂടുതൽ പക്വതയും വിവേകവും ആർജിച്ച മഅ്ദനിയുടെ ശബ്ദത്തിനായി ഇന്ന് കേരളം കാതോർക്കുകയാണ്. ജനങ്ങളുടെ പ്രതീക്ഷകൾ സഫലമാക്കാൻ അദ്ദേഹത്തിന് കഴിയുമാറാകട്ടെ. ദൈവാനുഗ്രഹത്താൽ ലഭിച്ച പ്രസംഗപാടവം നന്മയുടെ വഴിയിൽ ജനങ്ങളെ നയിക്കാൻ അദ്ദേഹത്തെ തുണക്കട്ടെ എന്ന് ആശംസിക്കുന്നു.

**വിനോദ്കുമാർ എടച്ചേരി**

# നല്ല സംരംഭങ്ങളെ അടച്ചാക്ഷേപിക്കരുത്

**കലാദർശനങ്ങളുടെ** മൗലികതയെ സംബന്ധിച്ച് *പ്രബോധന*ത്തിൽ വന്ന ലേഖനങ്ങൾ വായിച്ചു. കല രൂപപ്പെടുത്തുന്ന ധിഷണയുടെ ജ്വാല പലപ്പോഴും കാലാതിവർത്തിയാവാറുണ്ട്. ഇത് വിനോദോപാധികൾക്ക് മാത്രമുള്ള സവിശേഷതയാണ്. മനുഷ്യമനസ്സുകളിൽ ശക്തമായ ആന്ദോളനങ്ങൾ സൃഷ്ടിക്കാൻ കലാമാധ്യമങ്ങൾക്ക് കഴിയുന്നു. വമ്പിച്ച സാമ്പത്തിക ബാധ്യതയും വിഭവസമാഹരണവും ആവശ്യമുള്ള മേഖലയാണിത്. അശ്ലീലവും ആഭാസവും കലരുമ്പോൾ മാത്രമാണ് ഇവ അധാർമികവും അനിസ്ലാമികവുമാവുക. ജനകീയ കലാമാധ്യമങ്ങളിൽ പ്രധാനമാണല്ലോ സിനിമയും ടെലിവിഷനും. പ്രേക്ഷക ഹൃദയങ്ങളെ കീഴ്പ്പെടുത്താൻ ഇവക്ക് കഴിയുന്നതുകൊണ്ട് വർത്തമാന കാലത്ത് ഇവ അറിവിന്റെ ആയുധങ്ങളായി മാറുന്നു.

ലോക ക്ലാസ്സിക്കൽ സിനിമകൾ കണ്ടും മനസ്സിലാക്കാതെയുമുള്ള ആശയപ്രകാശനത്തെ വിമർശിച്ചു കണ്ടു. *പ്രബോധനം* ആ ഉദ്ധരണിക്ക് കവറേജ് നൽകിയതിന്റെ സാംഗത്യം മനസ്സിലാവുന്നില്ല. അക്കാദമിക യോഗ്യതയേക്കാൾ സാമൂഹിക പ്രതിബദ്ധതയാണ് കലാകാരന്മാർക്ക് വേണ്ടത്. ഇന്ത്യൻ സിനിമയിൽ അറിയപ്പെട്ട എത്രയോ സംവിധായകർ പ്രഫഷണൽ അല്ല. ലൊക്കേഷനും രംഗസജ്ജീകരണവും കണ്ടിട്ടുപോലുമില്ലാത്തവർ ഉത്തമ കലാസൃഷ്ടികൾ കാഴ്ചവെച്ചിട്ടുണ്ട്. ധാരാളം പ്രഫഷണൽ സംവിധായകർ രതിചിത്രങ്ങളുടെ സൂത്രധാരന്മാരാണെന്നറിയുമ്പോൾ പ്രേക്ഷകരെ പ്രബുദ്ധതയിലേക്ക് നയിക്കാൻ പഠനപരിശീലനം അവർക്ക് പ്രചോദനമായോ എന്ന് വ്യക്തമാക്കണം.

സാമൂഹിക പ്രശ്നങ്ങൾ അരോചകമാവാത്തവിധം ചിത്രവുമായി കൂട്ടിയിണക്കാൻ സലാം കൊടിയത്തൂരിന് സാധിച്ചിട്ടുണ്ട്. നിലവിലെ മാന്യതയില്ലാത്ത ആസ്വാദനശീലത്തെ മാറ്റിമറിക്കാൻ അദ്ദേഹത്തിന് കഴിയുന്നുവെന്നത് നിസ്സാര കാര്യമല്ല. അവിടെ ക്യാമറ, എഡിറ്റിംഗ് തുടങ്ങിയ സാങ്കേതികത്വങ്ങളേക്കാൾ പ്രധാനം കഥാതന്തുവാണ്. ക്യാമറ കണ്ണുകളുടെ ശക്തിയിൽ മുസ്‌ലിം സമുദായം അമ്പരക്കുമ്പോൾ ഒരു ബദൽ ദൃശ്യസംസ്കാരം ഉയർത്തിക്കൊണ്ടുവരാൻ ഈയിടെ പുറത്തിറങ്ങിയ ടെലിഫിലിമുകൾ ഒരുപരിധിവരെ സഹായകമായിട്ടുണ്ട്.

മുസ്‌ലിം സമൂഹത്തിന്റെ സംസ്കൃതിയെയും ആവശ്യഘടകങ്ങളെയും ബലപ്പെടുത്തുകയും പുനഃക്രമീകരിക്കുകയും ചെയ്യുന്ന ദൃശ്യാനുഭവങ്ങളെ അടച്ചാക്ഷേപിക്കരുത്. പിഴവുകളും ഇടർച്ചകളും സ്വാഭാവികമാണ്. സമൂഹത്തോട് ക്രിയാത്മകമായി സംവദിക്കുന്നവിധം പരിഷ്കരിക്കാൻ യോജിച്ചുള്ള മുന്നേറ്റമാണ് വേണ്ടത്.

കലാമാധ്യമങ്ങളെ ധാർമികവത്കരിക്കാനായാൽ അതിനേക്കാൾ ഫലപ്രദമായ മറ്റൊരു പ്രബോധന സംവിധാനം വേറെയുണ്ടോ? സാങ്കേതിക കലാവിദ്യയുടെ അനന്തസാധ്യതകൾ അപാരമാണ്. ആശയപ്രചാരണത്തിനും ആത്മാവിഷ്കാരത്തിനും ഇവക്കുള്ള കഴിവ് രാഷ്ട്രങ്ങളും സമൂഹങ്ങളും തിരിച്ചറിഞ്ഞിട്ടുള്ളതാണ്. ജനതയുടെ സംസ്കാരവും ജീവിതരീതിയും നിർണയിക്കുന്നതിൽ ഇലക്ട്രോണിക് മീഡിയയുടെ പങ്ക് നിഷേധിക്കാനാവുമോ? സാങ്കേതികവിദ്യ ഉപയോഗിച്ച് സാമൂഹിക ജീർണതകൾക്കെതിരെ ശബ്ദിക്കാൻ ഉൽപതിഷ്ണുക്കൾ ഇനിയും അറച്ചുനിൽക്കുന്നതെന്തിന്? പരസ്പരം പോർവിളിച്ച് സമയവും ഊർജവും പാഴാക്കുന്നവർ കലയും കാലവും എവിടെ എത്തിനിൽക്കുന്നുവെന്ന് ചിന്തിക്കണം.

**കെ.എ അബ്ദുസ്സമദ്, കല്ലടിക്കോട്**

## ■ ചുരുക്കെഴുത്ത്

**പത്രമാധ്യമരംഗത്ത്** ശ്രദ്ധേയമായ ചുവടുവെപ്പ് നടത്തിയ ഇസ്‌ലാമിക പ്രസ്ഥാനം ചാനൽ രംഗത്തേക്ക് കടന്നുവരാൻ ഇനിയും വൈകരുത്. ജനങ്ങൾക്കിടയിൽ ഇത്രമാത്രം സ്വാധീനമുള്ള ഒരു മാധ്യമത്തെ അവഗണിച്ച് എത്രനാൾ പ്രസ്ഥാനത്തിന് മുന്നോട്ടുപോകാൻ കഴിയും? മനുഷ്യ നിർമിത മതത്തിന്റെ വക്താക്കളും മനുഷ്യ ദൈവങ്ങളും ചാനലുകൾ തുടങ്ങി തങ്ങളുടെ ആശയങ്ങളിലേക്ക് ജനങ്ങളെ ആകർഷിക്കുമ്പോൾ ദൈവിക മതത്തിന്റെ വക്താക്കൾ വെറും കാഴ്ചക്കാരായി മാറിനിൽക്കുകയോ?

**ടി.എ അശ്റഫ് നേര്യമംഗലം**

**ജമാഅത്തെ** ഇസ്‌ലാമി ശൂറയിൽ വനിത അംഗമായതിനെ എതിർക്കുന്നവർ തന്നെയായിരുന്നു, ഒരുകാലത്ത് സ്ത്രീ വിദ്യാഭ്യാസത്തെയും പള്ളി പ്രവേശത്തെയും എതിർത്തിരുന്നത്. ഇന്ന് അവരുടെ നാവുകളിറങ്ങിപ്പോയി. സ്ത്രീ പള്ളിയിൽ പ്രവേശിക്കുന്നതിനെ വാക്കാൽ എതിർക്കുന്നുണ്ടെങ്കിലും സ്ത്രീകൾക്ക് നമസ്കാരത്തിനുവേണ്ടിയല്ലാതെ എന്തിനും (ഖബ്ർപൂജ, നേർച്ച പോലുള്ളവ) പള്ളിയിൽ പ്രവേശിക്കാനനുവാദമുണ്ട്. പലയിടത്തും 'സ്ത്രീകൾക്ക് നിസ്കരിക്കാനുള്ള സ്ഥലം' എന്ന ബോർഡ് സ്ഥാപിച്ച് സ്ത്രീയെ പള്ളിയിൽതന്നെ നമസ്കരിക്കാൻ അനുവദിക്കുന്നുമുണ്ട്.

**കെ.എ അബ്ദുൽഗഫൂർ തീക്കടി**

**'മമ്പുറം** തങ്ങന്മാർ: സമരം, പ്രത്യയശാസ്ത്രം' പഠനം ശ്രദ്ധേയമായി. പൂർവികരുടെ ശരിയായ പാരമ്പര്യം മാതൃകയാക്കുന്നതിനു പകരം, അവരെ തെറ്റായി അവതരിപ്പിക്കുകയാണ് യാഥാസ്ഥിതിക ഗ്രൂപ്പുകൾ. കാലഘട്ടത്തിലെ ജാഹിലിയ്യത്തിനെതിരെ പ്രതികരിച്ച മഹാന്മാരെ, അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും വെള്ളപൂശാൻ ദുരുപയോഗം ചെയ്യുന്നത് മഹാപാതകം തന്നെ.

**ഇൻസാഫ് പതിമംഗലം**

**ചില** പോസ്റ്ററുകളും നോട്ടീസുകളും കാണുമ്പോൾ മുസ്‌ലിം കേരളത്തിൽ പണ്ഡിതന്മാരില്ലേയെന്ന് തോന്നാറുണ്ട്. പരസ്പരം പരിഹസിക്കാതെ കാര്യങ്ങൾ പറയാൻ ഇവർക്കറിയില്ലേ? കുറേ ചിരിക്കാനുള്ള വക കിട്ടുന്ന ഹാസ്യപരിപാടി എന്ന നിലക്കാണ് പലരും ഇന്ന് മതപ്രസംഗങ്ങൾ കേൾക്കാൻ പോകുന്നത്. ഇത്തരം ഖണ്ഡന-മണ്ഡന പ്രസംഗങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കാനാണ് വിവേകമതികൾ ശ്രദ്ധിക്കേണ്ടത്.

**കെ.കെ അലി ചളിക്കവട്ടം**

**അടുത്ത** കാലത്തായി നമ്മുടെ നാട്ടിൽ അതിവേഗം വ്യാപിക്കുന്ന മാരകരോഗമാണ് ക്യാൻസർ. മുമ്പ് അപൂർവമായി കണ്ടുവന്നിരുന്ന ഈ രോഗം എന്തുകൊണ്ടാണ് ഇന്ന് പകർച്ചവ്യാധിപോലെ പടർന്നുപിടിച്ച് കേരള ജനതയെ കാർന്നുതിന്നുന്നത്? ക്യാൻസർ രോഗബാധിതരായി മരിക്കുന്നവരുടെ എണ്ണം അനുദിനം വർധിച്ചുവരുന്നു. ആരോഗ്യരംഗത്തുള്ളവർ ഇനിയെങ്കിലും ഒരു ഗൗരവ പഠനത്തിന് തയാറാവുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തില്ലെങ്കിൽ കേരളത്തിൽ പിറന്നുവീഴാനിരിക്കുന്നവർക്കുകൂടി ഈ മാരകരോഗം ഒരു ഭീഷണിയായി മാറും.

**റശീദ് ആലുവ**

**ഇന്ത്യയിൽ** അമേരിക്കൻ സഹായത്തോടെ 'മതേതര മദ്റസകൾ' സൃഷ്ടിക്കാനുള്ള നീക്കം കരുതിയിരിക്കണം. അമേരിക്കൻ അനുകൂല മനോഭാവം ഉണ്ടാക്കിയെടുക്കുന്നതിനു വേണ്ടിയാണിത്. വിദ്യാഭ്യാസരംഗത്തെ മൊത്തം സാമ്രാജ്യത്വ ഏജൻസികൾ അമ്മാനമാടുമ്പോൾ മദ്റസകളെ മാത്രം മാറ്റിനിർത്തേണ്ട ആവശ്യം അവർക്കില്ലല്ലോ.

**അബ്ദുൽ മലിക് മുടിക്കൽ**

**ടി.ഒ ബാവ** സാഹിബിനെക്കുറിച്ച ലേഖനം (ലക്കം 10) വായിച്ചു. വർഷങ്ങൾക്കു മുമ്പ്, എറണാകുളം പറവൂരിനടുത്ത് പ്രാസ്ഥാനികാഭിമുഖ്യത്തിൽ പുനർനിർമിച്ച പള്ളിയുടെ ഉദ്ഘാടനം നടക്കുമ്പോൾ ചിലർ ആക്രമണമഴിച്ചുവിട്ടു. കല്ലേറിലും കൈയേറ്റത്തിലും പരിക്കേറ്റ് ആശുപത്രിയിൽ പ്രവേശിച്ചവരെ സമാശ്വസിപ്പിക്കാനായി ഓടിയെത്തിയവരിൽ ടി.ഒ ബാവ സാഹിബും ഉണ്ടായിരുന്നു.

**വി.കെ അബ്ദുൽ ജബ്ബാർ ചേരുമംഗലം**